GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/09/2026

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ **'പഴം – പച്ചക്കറി സംസ്കരണം'** എന്ന വിഷയത്തിൽ **സെപ്റ്റംബർ 29** ന് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വിവിധ പഴം-പച്ചക്കറികളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം (Jam, squash, RTS, Pickle), വിവിധ പാക്കേജിങ്- സംസ്കരണ യന്ത്രങ്ങൾ, FSSAI മാനദണ്ഡങ്ങൾ, തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ഉണ്ടായിരിക്കും. ഫീസ് 1000 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25

പേർക്കാണ് പ്രവേശനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതായിരിക്കും. താല്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ (രാവിലെ 9 മുതൽ വൈകിട്ട് 4 വരെ) 8089076698 എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. വയനാട് ജില്ലയിലെ സുൽത്താൻബത്തെരി മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് **'മുട്ടക്കോഴി വളർത്തൽ'** എന്ന വിഷയത്തിൽ സെപ്റ്റംബർ 23, 24 തിയ്യതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ സെപ്റ്റംബർ 22 ന് വൈകുന്നേരം 3 മണിക്ക് മുൻപ് 04936 –297084 എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. അത്രൂർ പഞ്ചായത്തിലെ കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ വിൽക്കാനുള്ള അവസരം പുനരാരംഭിച്ചു. കൃഷിഭവന്റെ നേതൃത്വത്തിലുള്ള ആഴ്ച്ചചന്തയ്ക്ക് 17.09.2026 വ്യാഴാഴ്ച മുതൽ തുടക്കമായി. ഇനി മുതൽ എല്ലാ വ്യാഴാഴ്ചകളിലും പഞ്ചായത്തുവളപ്പിൽ ചന്ത പ്രവർത്തിക്കും. രാവിലെ 10.30 മുതൽ 11.30 വരെയാണ് പ്രവർത്തനസമയം. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ നേരിട്ട് എത്തിച്ച് വിൽപ്പന നടത്താം. കൂടുതൽ വിവരങ്ങൾക്കും കൃഷിഭവനിൽ

പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി 9383470586 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. **ഇറച്ചിക്കോഴി വളർത്തൽ'** എന്ന വിഷയത്തിൽ കണ്ണൂർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് സെപ്റ്റംബർ 18, 19 തിയ്യതികളിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0497 2763473 എന്ന നമ്പരിൽ ബന്ധപ്പെടുക.

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **'പശുവളർത്തൽ'** എന്ന വിഷയത്തിൽ **സെപ്റ്റംബർ** 24, 25 തിയ്യാതികളിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 0491-2815454 എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് വിളിച്ച് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിന് എത്തുന്നവർ ആധാർക്കാർഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.

6. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗത്തിൽ സെപ്റ്റംബർ 24, 25 തീയതികളിൽ **'ഇറച്ചിക്കോഴി വളർത്തൽ'** എന്ന

വിഷയത്തിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെയാണ് പരിശീലനം. താൽപര്യമുള്ള കർഷകർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി നേരിട്ടോ അല്ലാതെയോ മുൻകൂർ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0479- 2452277, 0479 2457778, 7736336528 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.